# VISAF - 2026

വേരുകൾ ഉറയുന്ന ഇടം

# കലോത്സവ നിയമാവലി

സ്വകാര്യ തൊഴിൽനൈപുണ്യ
പരിശീലനകേന്ദ്രങ്ങളിലെ വിദ്യാർത്ഥികളുടെ
സംസ്ഥാന
കലോത്സവം

#Grafix, Manichithra Arcade, Near Mathrubhumi, Veliyannur, Thrissur,
E-mail: grafixheadquarter@gmail.com, (whatsapp 8590546525)

# വിസാഫ്
# കലോത്സവ നിയമാവലി

## 1. ഉദ്ദേശ ലക്ഷ്യങ്ങൾ

1.1 വിദ്യാർത്ഥിനീ വിദ്യാർഥികളുടെ കലാ സാംസ്കാരിക അഭിരുചികളെ പ്രോത്സാഹിപ്പിക്കാനും പിന്തുണക്കാനുമായി കലോത്സവങ്ങൾ സംഘടിപ്പിക്കുക

1.2 യുവാക്കൾക്ക് ഒരു പൊതുവേദിയിൽ, സൗഹൃദപൂർണ്ണമായ അന്തരീക്ഷത്തിൽ ഒത്തുചേരാനും കല, സംഗീതം, നൃത്തം, നാടകം തുടങ്ങിയ രംഗങ്ങളിൽ അവരുടെ വൈശിഷ്ട്യം പ്രകടിപ്പിക്കാനുമുള്ള സന്ദർഭം ഒരുക്കി കൊടുക്കുക

1.3 നല്ലൊരു വിഭാഗം വിദ്യാർത്ഥികളും കേരളത്തിന് പുറത്ത് വിദ്യാഭ്യാസത്തിനായും, ജോലി തേടിയും പോകുന്ന കാലഘട്ടത്തിൽ, സ്വന്തം നാടിന്റെ സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യത്തെ അറിയുകയും വിലമതിക്കുകയും അതിൽ അഭിമാനബോധം ഉണ്ടാവുകയും ചെയ്യുന്ന വിധത്തിൽ തിരിച്ചറിവുകൾ ഉണ്ടാക്കുക.

1.4 ലോകത്തെവിടെയും ഉള്ള വിദ്യാർത്ഥി സമൂഹത്തിന് നേരിട്ടും, ഓൺലൈൻ ആയും പങ്കെടുക്കാൻ കഴിയുന്നവിധം കലോത്സവങ്ങൾ സംഘടിപ്പിച്ച്, സ്വന്തം നാടെന്ന വികാരം ഉണർത്തുകയും, അതുവഴി നാടിനോടുള്ള ആത്മബന്ധം നിലനിർത്തുകയും ചെയ്യുക

1.5 വിദ്യാർഥികളിൽ, വിശിഷ്യാ തൊഴിൽ, സാങ്കേതിക അടിസ്ഥാന വിദ്യാഭ്യാസ മേഖലയിൽ, കലയുടേയും സംസ്കാരത്തിന്റെയും രംഗങ്ങളിൽ ആരോഗ്യകരമായ പാരമ്പര്യം ഉണ്ടാവുന്ന രീതിയിൽ യുവാക്കളിൽ സൗഹൃദവും സഹവർത്തിത്വ മനോഭാവവും വികസിപ്പിക്കുന്നതിനാവശ്യമായ സന്ദർഭവും സാഹചര്യവും സൃഷ്ടിക്കുക

1.6 വൈവിധ്യമാണ് എല്ലാ സംസ്കാരങ്ങളുടെയും അടിസ്ഥാനം എന്ന തിരിച്ചറിവ് ഉണ്ടാക്കുകയും ഇതര സംസ്കാരങ്ങളോട് ബഹുമാനം ഉണ്ടാക്കും വിധത്തിൽ ആരോഗ്യകരമായി മത്സരങ്ങളിൽ പങ്കെടുക്കാൻ യുവജനങ്ങൾക്ക് അവസരമൊരുക്കുകയും ചെയ്യുക.

1.7 യുവാക്കളുടെ കഴിവും ഊർജ്ജവും നിർമ്മാണാത്മകമായ പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുക.

## 2. നിയമാവലി

2.1 മത്സരാർത്ഥികൾ അക്കാദമി / ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ വിദ്യാർത്ഥിയും ബന്ധപ്പെട്ട അക്കാദമിക വർഷത്തിൽ ഡിസംബർ 31 ന് 25 വയസ്സിൽ കുറഞ്ഞവരും, 6 മാസത്തിൽ കുറയാതെയുള്ള കോഴ്സുകൾ പഠിക്കുന്നവരും ആയിരിക്കണം. പൂർണ്ണ സമയ ജോലിയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ അർഹതയില്ല

2.2 സ്റ്റേജ് - സ്റ്റേജിതരം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി, നൃത്തം, ഗാനം, ദൃശ്യ - നാടകം, ചിത്രം, സാഹിത്യം എന്നിങ്ങനെ അഞ്ച് ഉപവിഭാഗങ്ങളിലായാണ് മത്സരം നടക്കുക.

2.3 ഒരിനത്തിൽ പത്തിലധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ മത്സരം ഉണ്ടാവുകയുള്ളൂ. പത്തിൽ കുറവാണെങ്കിൽ രജിസ്റ്റർ ചെയ്തവരെ മത്സരമില്ലാതെ പരിപാടി അവതരിപ്പിക്കാൻ അനുവദിക്കും

2.4 എല്ലാ മത്സരാർത്ഥികളും അവരുടെ സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ ഒപ്പിട്ട തിരിച്ചറിയൽ കാർഡ് മത്സര സമയത്ത് കൊണ്ട് വരേണ്ടതാണ്

2.5 സർട്ടിഫിക്കറ്റും, സമ്മാനങ്ങളും വിതരണത്തിലെ താമസം ഒഴിവാക്കാൻ മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരും ഇനീഷ്യലും കൃത്യമായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പ്രോഗ്രാം കമ്മിറ്റി ചെയർമാനും മത്സരാർത്ഥികളും ഉറപ്പ് വരുത്തേണ്ടതാണ്

## 3. മത്സരങ്ങൾ

സ്റ്റേജിതരം

1. സാഹിത്യോത്സവം
2. ചിത്രോത്സവം

സ്റ്റേജ്

3. സംഗീതോത്സവം
4. നൃത്തോത്സവം
5. ദൃശ്യ - നാടകോത്സവം

3.1 മത്സരങ്ങളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി ഒരു നിയന്ത്രണ അപ്പീൽ സമിതി ( Steering and Appellate Committee - SAC) ഉണ്ടായിരിക്കും

3.2 നിയന്ത്രണ അപ്പീൽ സമിതിക്ക് കലോത്സവുമായി ബന്ധപ്പെട്ട രേഖാമൂലമുള്ള പരാതികൾ സ്വീകരിക്കാനുള്ള അധികാരം ഉണ്ട്. ആവശ്യമെന്ന് കണ്ടാൽ കലോത്സവ നടത്തിപ്പുമായി

ബന്ധപ്പെട്ട ഏത് രേഖയും ആവശ്യപ്പെടാനും ഈ സമിതിക്ക് അധികാരമുണ്ടാവും. വിധി കർത്താക്കൾ നൽകിയ മാർക്കുകൾ സംബന്ധിച്ച പരാതികൾ അപ്പീൽ സമിതി പരിഗണിക്കുന്നതല്ല

3.3 മത്സര നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ മത്സരം പൂർത്തിയായി ഒരു മണിക്കൂറിനകം അപ്പീൽ ഫീസായ 500 രൂപ സഹിതം അപ്പീൽ സമിതി കൺവീനർക്ക് നൽകിയിരിക്കണം. ഇതിന് രസീത് നൽകേണ്ടതാണ്. ഫല നിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം അപ്പീൽ സമിതിക്ക് നൽകിയിരിക്കണം

3.4 കലോത്സവം നടക്കുന്ന ഓരോ ദിവസവും അപ്പീൽ സമിതി കൂടേണ്ടതും അതുവരെ ലഭിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കേണ്ടതുമാണ്

3.5 അപ്പീൽ ഫീസ് 500 രൂപ ആയിരിക്കും. അപ്പീൽ ഫീസ് യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. ഇങ്ങനെ കിട്ടുന്ന തുക സംഘാടക സമിതിയുടെ അക്കൗണ്ടിലേക്ക് വരവ് വെക്കുന്നതാണ്

3.6 വിധി കർത്താക്കളുടെയും നിയന്ത്രണ അപ്പീൽ സമിതിയുടേയും തീർപ്പുകൾക്കെതിരായി പത്രസമ്മേളനം വിളിച്ചു ചേർക്കുകയോ പത്രക്കുറിപ്പിറക്കുകയോ പാടില്ല

3.7 പെരുമാറ്റദൂഷ്യം, നിയമ ലംഘനം എന്നീ കാരണങ്ങളാൽ പങ്കെടുക്കുന്ന ഏതൊരാളി നെയും, ടീമിനെയും, വിദ്യാഭ്യാസ സ്ഥാപനത്തിനേയും അയോഗ്യരാക്കാൻ നിയന്ത്രണ അപ്പീൽ സമിതിക്ക് അധികാരമുണ്ടായിരിക്കും

3.8 മത്സരത്തിന് ഓരോ ഇനത്തിനും മൂന്ന് വിധികർത്താക്കൾ ഉണ്ടാവണം. സാധാരണ ഗതിയിൽ മൂന്ന് വിധികർത്താക്കളും നൽകിയ മാർക്കുകൾ തമ്മിൽ 10% ൽ അധികം വ്യത്യാസമുണ്ടെങ്കിൽ, ഏറ്റവും ഉയർന്നതോ കുറഞ്ഞതോ (അതാതിന്റെ സ്വഭാവം അനുസരിച്ച്) ആയ മാർക്ക് കണക്കിലെടുക്കേണ്ടതില്ല. മറിച്ച് 10% ൽ അധികം വ്യത്യാസം വരാത്ത മാർക്കുകളുടെ ശരാശരി എടുക്കേണ്ടതാണ്. എന്നാൽ എല്ലാ മൂന്നു മാർക്കുകളും തമ്മിൽ 10% ൽ അധികം വ്യത്യാസം കാണുകയാണെങ്കിൽ ഏറ്റവും കുറവ് വ്യത്യാസമുള്ള രണ്ടുമാർക്കുകൾ എടുത്ത് ശരാശരി കണ്ടെത്തേണ്ടതാണ്. പരമാവധി മാർക്ക് 100 ആയി നിജപ്പെടുത്തണം

3.9 മത്സരങ്ങൾക്കുള്ള രജിസ്ട്രേഷൻ സമയത്ത് എല്ലാ ഫോറങ്ങളും കൃത്യമായി പൂരിപ്പിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം വച്ചിരിക്കണം

3.10 അതിനു പുറമേ മത്സരാർത്ഥികൾ മത്സര ദിവസങ്ങളിലെല്ലാം കോളേജ് തിരിച്ചറിയൽ കാർഡ് കൈവശം വച്ചിരിക്കണം. അധികൃതർ ആവശ്യപ്പെടുമ്പോൾ തിരിച്ചറിയൽ കാർഡ് കാണിക്കണം

3.11 ഒരു മത്സരാർഥി, 4 – ൽ കൂടുതൽ വ്യക്തിഗത സ്റ്റേജിനങ്ങളിൽ പങ്കെടുക്കാൻ പാടില്ല. എന്നാൽ സ്റ്റേജിതര ഇനങ്ങൾക്കും സംഘ ഇനങ്ങൾക്കും ഈ നിബന്ധന ബാധകമല്ല

3.12 മത്സരത്തിൽ താഴെകൊടുത്ത രീതിയിലാണ് പോയിന്റ് നൽകേണ്ടത്

വ്യക്തിഗത ഇനങ്ങളിൽ,

ഒന്നാം സ്ഥാനത്തിന് – 5 പോയിന്റും,

രണ്ടാം സ്ഥാനത്തിന് – 3 പോയിന്റും,

മൂന്നാം സ്ഥാനത്തിന് – 1 പോയിന്റും നൽകണം

ഗ്രൂപ്പിനങ്ങളിൽ,

ഒന്നാം സ്ഥാനത്തിന് – 10 പോയിന്റും,

രണ്ടാം സ്ഥാനത്തിന് – 6 പോയിന്റും,

മൂന്നാം സ്ഥാനത്തിന് – 2 പോയിന്റും നൽകണം

3.13 മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് പുറമേ എ, ബി, സി ഗ്രേഡുകളും നൽകുന്നുണ്ട്, ഗ്രേഡുകൾ താഴെ പറയും വിധത്തിലായിരിക്കണം നൽകേണ്ടത്

എ ഗ്രേഡ് – 70 ശതമാനവും അതിന് മുകളിലും

ബി ഗ്രേഡ് – 70 ശതമാനത്തിന് താഴെ 60 ശതമാനം വരെ

സി ഗ്രേഡ് – 60 ശതമാനത്തിന് താഴെ 50 ശതമാനം വരെ

3.14 ഒരു മത്സരാർത്ഥിക്ക് വ്യക്തിഗത സ്റ്റേജ് ഇനങ്ങളിൽ കിട്ടിയ ആകെ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ആൺ പ്രതിഭാപട്ടം കലാപ്രതിഭയും, പെൺ പ്രതിഭാപട്ടം കലാതിലകവും നൽകണം. പോയിന്റുകൾ തുല്യമായി വരികയാണെങ്കിൽ മത്സരാർത്ഥിക്ക് ഗ്രൂപ്പ് ഇനങ്ങളിൽ ലഭിച്ച പോയിന്റും പരിഗണിക്കാവുന്നതാണ്. തുടർന്നും തുല്യമാവുകയാണെങ്കിൽ മത്സരാർത്ഥി നേടിയ യഥാർത്ഥ പോയിന്റിന്റെ ശതമാന അടിസ്ഥാനത്തിൽ പ്രതിഭയെ/തിലകത്തെ നിശ്ചയിക്കാം. ഇനിയും തുല്ല്യത തുടരുകയാണെങ്കിൽ നറുക്കെടുപ്പ് വഴി പ്രതിഭയെ/തിലകത്തെ നിശ്ചയിക്കേണ്ടതാണ്

3.15 ചിത്രോത്സവം, സാഹിത്യോത്സവം എന്നിവയിൽ കൂടുതൽ പോയിന്റുകൾ നേടുന്നവർക്ക് യഥാക്രമം ചിത്ര പ്രതിഭ, സാഹിത്യ പ്രതിഭ എന്നീ പ്രതിഭാപട്ടങ്ങൾ നൽകേണ്ടതാണ്

3.16 ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ വിദ്യാഭ്യാസ സ്ഥാപനത്തിന് ടീം/ഓവറോൾ ചാമ്പ്യൻഷിപ്പ് നൽകേണ്ടതാണ്. മികച്ച നടൻ / മികച്ച നടി എന്നീ സ്ഥാനങ്ങൾക്ക് പോയിന്റുകൾ നൽകുന്നതല്ല

3.17 ഒരേ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ശാഖകളെ (franchisees) വ്യത്യസ്ത സ്ഥാപനങ്ങളായാണ് ഓവറോൾ കിരീടത്തിന് പരിഗണിക്കുക

3.18 വിധികർത്താക്കൾ നൽകിയ സ്കോർ ഷീറ്റിൽ തിരുത്തലുകൾ ഉണ്ടാവാൻ പാടില്ല. എവിടെയെങ്കിലും തിരുത്തലുകൾ ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ട വിധികർത്താവിന്റെ കൈയ്യൊപ്പോടുകൂടി മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ. വിധികർത്താക്കൾ മത്സരത്തിനിടെ പരസ്പരം ആശയ വിനിമയം നടത്തരുത്. ഓരോ ഇനത്തിന്റെയും അവസാനത്തിൽ വിധികർത്താക്കൾ സ്കോർ ഷീറ്റ് അപ്പീൽ സമിതി നിയോഗിച്ച സ്റ്റേജ് മാനേജർമാരെ ടാബുലേഷനും വിധി പ്രഖ്യാപനത്തിനുമായി ഏൽപ്പിക്കേണ്ടതതാണ്. ടാബുലേഷൻ ഷീറ്റ്, മത്സരവുമായി ബന്ധപ്പെട്ട മറ്റ് പ്രധാന രേഖകൾ എന്നിവ ഫലപ്രഖ്യാപനം കഴിഞ്ഞ ഉടനെ കവറുകളിലാക്കി സീല് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. SACയുടെ സാന്നിധ്യത്തിൽ മാത്രമേ ഇവ തുറക്കാവൂ

## 4. കേരളത്തിന് പുറത്തു നിന്നുമുള്ള വിദ്യാർഥികളുടെ മത്സരവിഭാഗത്തിനുള്ള നിയമാവലി

4.1 കേരളത്തിന് പുറത്ത്, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള, 25 വയസ്സിൽ താഴെയുള്ള ഏത് കോഴ്സും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം

4.2 പൂർണ്ണ സമയ തൊഴിൽ ചെയ്യുന്നവർക്ക് പങ്കെടുക്കാൻ അർഹതയില്ല

4.3 വിദേശ രാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയ കുടുംബങ്ങളിലെ, മലയാളത്തിൽ സംസാരിക്കാൻ കഴിയുന്ന ഏത് കോഴ്സും ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം

4.4 മത്സരങ്ങൾക്കായി രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡും, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയും അയച്ചു നൽകേണ്ടതാണ്

4.5 ഓൺലൈൻ ലൈവ് പ്രോഗ്രാം ആയും, നേരിട്ടും പങ്കെടുക്കാവുന്നതാണ്

4.6 ഓൺലൈൻ ആയി പങ്കെടുക്കുന്ന മത്സരാർഥികളുടെ, ടെലികാസ്റ്റിങ്ങ്, സാങ്കേതിക മികവുകൾ മാറ്റി നിർത്തി, കലാപരമായ കഴിവുകൾ മാത്രമാണ് വിധി നിർണ്ണയ സമിതി പരിഗണിക്കുക

4.7 ഓൺലൈൻ പരിപാടിക്കിടയിൽ സാങ്കേതികമായി എന്തെങ്കിലും തകരാറുകൾ സംഭവിച്ചാൽ, സംഘാടക സമിതിക്ക് യാതൊരു വിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല

4.8 ഓൺലൈൻ ലൈവ് പ്രോഗ്രാമിനുള്ള പൊതുവായ ഫോർമാറ്റുകളുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്ത മത്സരാർത്ഥികൾക്ക് അയച്ചു നൽകുന്നതായിരിക്കും

4.9 ഈ വിഭാഗത്തിൽ മത്സരത്തിനുള്ള രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും

4.10 മത്സരങ്ങളിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പുരസ്ക്കാരങ്ങൾ കേരളത്തിലെ വിലാസത്തിൽ എത്തിച്ചു നൽകുന്നതായിരിക്കും

## 5. മത്സര ഇനങ്ങൾ

Lalithaganam (B/G, 5 minutes.)

Sasthreeya Sangeetham (B/G, 5 minutes.)

Sangha Ganam (Indian, 6+3 Nos. 10 minutes.)

Sangha Ganam (Western, 6+3 Nos. 10 minutes.)

Nadanpattu (7Nos. 10 minutes.)

Prasangam (Mal. 5 minutes)

Mono Act (5 minutes)

Mimicry (5 minutes)

Bharatanatyam (B/G. 10 minutes.)

Mohiniyattam (G, 10 minutes.)

Kuchuppudi (B/G 10 minutes.)

Nostalgia (B/G 5 minutes.)

Nadodi Nritham (B/G, 5 minutes.)

Oppana (G, 10 Nos. 10 minutes.)

Thiruvathirakali (G, 8+2 Nos. 10 minutes.)

Margamkali (G, 7 Nos. 10 Mints.)

Group Dance (B/G, 7 Nos. 10 minutes.)

Mime (1-7 Nos. 5 minutes.)

Vrindavadyam (7 Nos. 10 minutes.)

Ganamela (3+4 Nos. 10 minutes.)

Fashion Show (12 Nos. 10 minutes.)

Violin Paschatya (10 minutes)

Violin Paurasthyam (10 minutes)

Guitar Western (10 minutes)

Triple / Jazz Western (10 minutes)

Veena (10 minutes)

Odakkuzhal (10 minutes)

Tabla (10 minutes)

## സ്റ്റേജിതര മത്സര ഇനങ്ങൾ

Chithra Rachana Pencil (120 minutes)

Chithra Rachana Water Colour (120 minutes)

Chithra Rachana Oil Colour (120 minutes)

Katharachana (Mal. 120 minutes)

Kavitha Rachana (Mal. 120 minutes)

Clay modelling (180 minutes)

Cartoon (120 minutes)

## 6. സ്റ്റേജ് / സ്റ്റേജിതര മത്സര ഇനങ്ങൾക്കുള്ള നിയമങ്ങൾ

6.1 പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ www.visaf.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യണം

6.2 രജിസ്റ്റർ ചെയ്ത മത്സരാർത്ഥികൾ മത്സര ദിവസം മത്സരങ്ങൾക്ക് മുൻപായി രജിസ്ട്രേഷൻ സെന്ററിൽ ഫോട്ടോ പതിച്ച വിദ്യാഭ്യാസ സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡ് സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്

6.3 കലോത്സവത്തിന്റെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്തവരെ യഥാസമയം അറിയിച്ചു കൊണ്ടിരിക്കുന്നതാണ്

6.4 മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വ്യക്തിഗത ഇനങ്ങൾക്ക് 200 രൂപയും, ടീം ഇനങ്ങൾക്ക് 500 രൂപയും രജിസ്ട്രേഷൻ ഫീസ് (Gpay number 8590546525) ഉണ്ടായിരിക്കും.

6.5 സാഹിത്യ മത്സരങ്ങളുടെയും ഫൈൻ ആർട്സ് മത്സരങ്ങളുടെയും വിഷയങ്ങൾ മത്സരങ്ങൾ തുടങ്ങുന്നതിന് 10 മിനിറ്റ് മുൻപ് മാത്രമേ പ്രഖ്യാപിക്കുകയുള്ളൂ

6.6 പ്രസംഗ മത്സരത്തിന്റെ വിഷയം മത്സരത്തിന്റെ 15 മിനിറ്റ് മുൻപ് മാത്രമേ പ്രഖ്യാപിക്കുകയുള്ളൂ

6.7 സ്റ്റേജിതര മത്സരങ്ങൾക്കു വേണ്ട പേപ്പറുകളും, കളിമണ്ണ് മുതലായവ സംഘാടക സമിതി നൽകുന്നതായിരിക്കും. ഈ ഇനങ്ങൾക്ക് വേണ്ട പേന, മഷി, ബ്രഷ്, പെയിന്റ് മുതലായവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്

6.8 സംഘഗാനങ്ങളിൽ ഉപകരണങ്ങൾ മത്സരാർത്ഥികൾ തന്നെ വായിക്കേണ്ടതാണ്. ഉപകരണ സംഗീതവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ ഉപകരണങ്ങൾ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരേണ്ടതാണ്. പാശ്ചാത്യ ഉപകരണ സംഗീതത്തിൽ പാശ്ചാത്യ സംഗീതം തന്നെ വായിക്കേണ്ടതാണ്. ഗിറ്റാർ മത്സരത്തിൽ delay unit ഉപയോഗിക്കാൻ പാടില്ല

6.9 നൃത്ത ഇനങ്ങളിൽ നട്ടുവാംഗത്തിനു പുറമെ മൃദംഗം, വായ്പാട്ട്, ഫ്ലൂട്ട് /വയലിൻ എന്നീ പക്കമേളങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. മേൽ നിബന്ധനകൾ പാലിച്ചു കൊണ്ടുള്ള സി. ഡി. യും ഉപയോഗിക്കാവുന്നതാണ്.

6.10 തിരുവാതിര കളിയിൽ, കൈകൊട്ടികളിയോ അതിന്റെ വ്യത്യസ്ത രൂപങ്ങളോ അല്ല, തിരുവാതിര കളിയുടെ സാമ്പ്രദായിക രൂപമാണ് അവതരിപ്പിക്കേണ്ടത്. പരമ്പരാഗത ഗീതങ്ങൾ (ഗണപതി, സരസ്വതി, കഥകളി പദം / തിരുവാതിര പാട്ട്, കുറത്തി, കുമ്മി, പൂ പറിക്കുന്ന പാട്ട്, വഞ്ചിപ്പാട്ട്, മംഗളം) മാത്രമേ അവതരിപ്പിക്കാവൂ

6.11 മൈം (മൂകാഭിനയം) ഒരു ഗ്രൂപ്പ് ഇനമാണ്. 1 മുതൽ 7 വരെ മത്സരാർത്ഥികൾക്ക് പങ്കെടുക്കാം. അഭിനയത്തിന്റെ അവതരണം വാക്കുകൾ ഉപയോഗിക്കാതെ ശരീര ചലനങ്ങൾ കൊണ്ടു മാത്രമേ പാടുള്ളൂ. (വിദ്യാർത്ഥികളല്ലാത്തവർക്ക് പശ്ചാത്തല സംഗീതം അവതരിപ്പിക്കാവുന്നതാണ്).

6.12 കഥാപ്രസംഗത്തിൽ പശ്ചാത്തല സംഗീത ഉപകരണങ്ങൾ, വായ്പ്പാട്ട് എന്നിവ വിദ്യാർത്ഥികൾ തന്നെ ചെയ്യേണ്ടതാണ്.

6.13 ഗാനമേളക്ക് റിഥം, വയലിൻ, ഗിറ്റാർ, കീ ബോർഡ് എന്നീ വാദ്യങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. പാട്ടുകാരുടെ എണ്ണം 3 പേരിൽ കൂടരുത്. ചലച്ചിത്രഗാനങ്ങളും അവതരിപ്പിക്കാവുന്നതാണ്.

മത്സരാർത്ഥികൾ ശ്രദ്ധാപൂർവം ഓരോ വിഷയത്തിന്റെയും നിയമങ്ങൾ പഠിക്കേണ്ടതാണ്. വിധികർത്താക്കൾ ഓരോ ഇനത്തിലും എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.